പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2189 **27-10-2026-ൽ മറുപടിയ്ക്ക്**

പോലീസ് ജനസൗഹൃദ പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ആഭ്യന്തര വകുപ്പ് പുതുതായി ആരംഭിച്ച മൈ പോലീസ് സ്റ്റേഷൻ എന്ന പദ്ധതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

മറുപടി: കേരളത്തിലെ ഓരോ പോലീസ് സ്റ്റേഷനും വിശ്വാസത്തിന്റെയും, നീതിയുടെയും, കരുണയുടെയും പ്രൊഫഷണലിസത്തിന്റെയും കേന്ദ്ര മായി മാറ്റുക; അതുവഴി ഓരോ പോലീസ് സ്റ്റേഷനെയും ചൂണ്ടിക്കാട്ടി 'ഇത് എന്റെ പോലീസ് സ്റ്റേഷനാണ്' എന്ന് ഓരോ പൗരനും, 'ഇത് എന്നെ സംരക്ഷണച്ചുമതല ഏൽപ്പിച്ചിരിക്കുന്ന പോലീസ് സ്റ്റേഷനാണ്' എന്ന് ഓരോ പോലീസ് ഉദ്യോഗസ്ഥനും അഭിമാനത്തോടെ പറയുന്ന തരത്തിലേക്ക് ഉയർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിലേക്ക് താഴെ വിവരിക്കുന്ന തരത്തിൽ സേവനങ്ങൾ ഉറപ്പു വരുത്തുന്നു.

1. സേവന ഉപഭോക്താക്കൾക്ക് സംതൃപ്തിയും സമയബന്ധിതമായ സേവന ലഭ്യതയും:

പൊതുജനങ്ങളുടെ സംതൃപ്തിക്ക് ഏറ്റവും ഉയർന്ന മുൻഗണന നൽകുകയും, എല്ലാ പൊതു സേവനങ്ങളും വേഗത്തിലും, കാര്യക്ഷമമായും സമയ ബന്ധിതമായും ലഭ്യമാക്കുകയും, പൗരന്മാരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിലമതിക്കുക യും ചെയ്യുന്നു.

2. പരാതികളിൽ സമയബന്ധിതമായ പരിഹാരം:

Zero Petition Refusal Policy' (പരാതികൾ നിരസിക്കാതിരിക്കൽ നയം) കർശനമായി പാലിക്കുകയും, ലഭിക്കുന്ന ഓരോ പരാതിയും മടിയോ വിമുഖതയോ കൂടാതെ സ്വീകരിക്കുകയും ചെയ്യുന്നു. പരാതികളിൽ ആവശ്യമായ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി അനാവശ്യ കാലതാമസം കൂടാതെ തുടർനടപടികൾ ഉറപ്പാക്കുന്നു.

3. ശുചിത്വവും പരിസ്ഥിതി സൗഹൃദവും, പ്രൊഫഷണൽ നിലവാരവും പുലർത്തുന്ന അന്തരീക്ഷം;

പോലീസ് സ്റ്റേഷനുകൾ വൃത്തിയോടെ പരിപാലിക്കുകയും, അച്ചടക്കവും പ്രൊഫഷണൽ സമീപനവും, ശുചിത്വവും പ്രതിഫലിപ്പിക്കുന്നതിനായി എല്ലാ ശനിയാഴ്ചകളിലും പോലീസ് സ്റ്റേഷനുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.

4. കസ്റ്റഡിയിലുള്ളവരോടുള്ള മാനുഷികവും, മാന്യവുമായ പെരുമാറ്റം;

കസ്റ്റഡി പീഡനം, കസ്റ്റഡി പ്രതികളുടെ കാര്യത്തിൽ അശ്രദ്ധ, മോശമായ പെരുമാറ്റം, നിയമവിരുദ്ധ നടപടികൾ എന്നിവയോട് യാതൊരു വിട്ടുവീഴ്ചയും ഉണ്ടായിരിക്കില്ല - മറിച്ച് ഓരോ വ്യക്തിയുടെയും അവകാശങ്ങളും, അന്തസ്സും, മാന്യതയും കർശനമായി സംരക്ഷിക്കുന്ന തരത്തിൽ മാത്രം ഓരോ ഉദ്യോഗസ്ഥരും പെരുമാറുന്നു

5. നിയമാനുസൃതമായ ബലപ്രയോഗവും, കൃത്യമായ രേഖപ്പെടുത്തലും;

സാഹചര്യത്തിലും പരമാവധി സംയമനം പാലിച്ചായിരിക്കും പ്രവർത്തിക്കുക. ബലപ്രയോഗം ആവശ്യമായി വരുന്ന ഓരോ സംഭവവും നിയമാനുസൃതവും, നിലവിലുള്ള നടപടി ക്രമങ്ങൾ കർശനമായി പാലിച്ചും മാത്രം ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നു.

6. ശാസ്ത്രീയവും, നിഷ്പക്ഷവുമായ അന്വേഷണം;

ഇരകൾക്ക് നീതി ഉറപ്പാക്കുന്നതിനായി ശാസ്ത്രീയവും, നിഷ്പക്ഷവും, സമയബന്ധിതവും, കുറ്റാന്വേഷണ വൈദഗ്ധ്യം തെളിയിക്കുന്നതുമായ തരത്തിൽ അന്വേഷണങ്ങൾ നടത്തുന്നു.

7. ജനമൈത്രി പദ്ധതികൾ പുനരുജ്ജീവിപി ക്കുന്നു;

പോലീസ് പൊതുജനങ്ങളാണ്, പൊതുജനങ്ങൾ പോലീസാണ് എന്ന തത്വം ഉയർത്തിപ്പിടിച്ചു കൊണ്ട്, ജനമൈത്രി പോലീസിംഗും, ബീറ്റ് പോലീസിംഗും കൂടുതൽ സജീവമാക്കുന്നു.

8. കാലാനുസൃതമായ അറിവ് സമ്പാദനവും നൈപുണ്യ വികസനവും;

പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തന മികവ് മെച്ചപ്പെടുത്തുന്നതിനായി എല്ലാ ചൊവ്വാഴ്ചകളിലും പരിശീലന സെക്ഷനുകൾ നൽകിവരുന്നു. ഇത്തരം സെക്ഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ, സർക്കിൾ ഇൻസ്പെക്ടർമാർ, ഡി.വൈ.എസ്.പി.മാർ തുടങ്ങി മുതിർന്ന ഉദ്യോഗസ്ഥർ പരിശോധനകൾ നടത്താറുള്ളതും, മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും, ആയതിന്മേൽ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

9.ഡിജിറ്റൽ ട്രാൻസ്ഫോർമേഷനും, സൈബർ സുരക്ഷയും;

പൊതുസേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണം കുറ്റമറ്റതാക്കുന്നതിനും, പൊതുജന ങ്ങളിൽ സൈബർ അവബോധം വളർത്തുന്ന തിനുമായി കമ്പ്യൂട്ടർ വൽക്കരണവും, ഡിജിറ്റൽ സാങ്കേതികവിദ്യയും പരമാവധി പ്രയോജന പ്പെടുത്തുന്നു.

10. കുട്ടികളോടും യുവജനങ്ങളോടുമുള്ള ക്രിയാത്മകമായ ഇടപെടൽ;

കുട്ടികൾക്ക് ഭയമോ, ആശങ്കയോ കൂടാതെ സമീപിക്കാവുന്ന ബാലസൗഹൃദ അന്തരീക്ഷം പോലീസ് സ്റ്റേഷനുകളിൽ ഉറപ്പാക്കുന്നു. SPC, HOPE, ഡിജിറ്റൽ ഡി-അഡിക്ഷൻ (D-DAD) തുടങ്ങിയ യുവജന പദ്ധതികൾക്ക് പിന്തുണ നൽകുകയും, കുട്ടികളുമായും യുവജനങ്ങളുമായും ക്രിയാത്മകമായി ഇടപെട്ട് അവരുടെ സമഗ്ര വികാസത്തിന് സഹായിക്കുകയും ചെയ്യുന്നു.

11. ദുർബല വിഭാഗങ്ങളുടെ സംരക്ഷണം;

സ്ത്രീകൾ, മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗ ങ്ങൾ എന്നിവർക്ക് തുല്യമായ സേവനലഭ്യത, സുരക്ഷ, അന്തസ്സ് എന്നിവ ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടുതൽ പ്രാധാന്യം നൽകി നടത്തി വരുന്നു.

12. **24 മണിക്കൂർ സുരക്ഷയും, ഗതാഗത നിയന്ത്രണവും;**

എല്ലാ പൗരന്മാർക്കും എല്ലാ സമയത്തും സുരക്ഷിതത്വം അനുഭവപ്പെടുന്ന തരത്തിൽ റോഡുകളിൽ സുരക്ഷ ഉറപ്പാക്കുന്നതിനും.. സുഗമമായ ഗതാഗതം നിലനിർത്തുന്നതിനും ഫലപ്രദമായ രാത്രികാല പട്രോളിംഗും ഉറപ്പുവരുത്തുന്നു.

13. ഉദ്യോഗസ്ഥക്ഷേമവും, ഉദ്യോഗസ്ഥർ പരസ്പരം സൂക്ഷിക്കേണ്ട/പാലിക്കേണ്ട ബഹുമാനവും, ആദരവും;

ഉദ്യോഗസ്ഥർ പരസ്പരം മാന്യമായും, സൗഹാർദ്ദപരമായും പെരുമാറുകയും, ജോലിയിൽ ഔന്നത്യവും, പ്രൊഫഷണലിസവും പുലർത്തുകയും ചെയ്യുന്നുവെന്നും ഉറപ്പു വരുത്തുന്നു. പോലീസ് ഉദ്യോഗസ്ഥരുടെ മാനസിക സമ്മർദ്ദ നിയന്ത്രണം, ക്ഷേമം, വ്യക്തിഗത സുരക്ഷ എന്നിവയ്ക്കും ആവശ്യമായ പ്രാധാന്യം നൽകുന്നു.

(ബി) സംസ്ഥാനത്ത് ജനമൈത്രി പോലീസ് പദ്ധതി നിലവിൽ തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

മറുപടി: ജനമൈത്രി പോലീസ് പദ്ധതി നിലവിൽ തുടരുന്നുണ്ട്.

സെക്ഷൻ ഓഫീസർ